തർക്കം രൂക്ഷമായാൽ പ്രസിഡണ്ട് സ്ഥാനം ലീഗ് ആവശ്യപ്പെടും

തളിപ്പറമ്പ സർവ്വീസ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പ്: ഐ ഗ്രൂപ്പിൽ കലാപം

തളിപ്പറമ്പ: അടുത്തമാസം 14ന് നടക്കുന്ന തളിപ്പറമ്പ സർവ്വീസ് സഹകരണ ബാങ്ക് തിരഞ്ഞെടുപ്പിനെ ചൊല്ലി കോൺഗ്രസിൽ കലാപം. 15 വർഷത്തിലധികമായി ഐ ഗ്രൂപ്പിലെ പ്രമുഖനായ കല്ലിങ്കീൽ പത്മനാഭനാണ് ബാങ്കിന്റെ പ്രസിഡണ്ട്. 20000ത്തിലധികം മെമ്പർമാരുള്ള ബാങ്കിലെ 11 ഡയറക്ടർമാരിൽ ആറുപേർ കോൺഗ്രസും അഞ്ചുപേർ മുസ്ലിംലീഗുമാണ്. പ്രസിഡണ്ട് സ്ഥാനം കോൺഗ്രസിനും വൈസ് പ്രസിഡണ്ട് സ്ഥാനം വർഷങ്ങളായി മുസ്ലിംലീഗിനുമാണ് നൽകിയിരിക്കുന്നത്. പ്രസിഡണ്ടിനെ കൂടാതെ കോൺഗ്രസിലെ വൽസലപ്രഭാകരൻ, രുഗ്മിണി, മാടാളൻ മുസ്തഫ, നാരായണൻ, പി. ദാമോദരൻ, മുസ്ലിംലീഗിലെ എ. അബ്ദുള്ളഹാജി, എ.പി. അബ്ദുൾകാദർ, കെ.വി.ടി. മുസ്തഫ, ഓലിയൻ ജാഫർ, നസിമ എന്നിവരാണ് ഡയറക്ടർമാർ.

ഐ ഗ്രൂപ്പിനാണ് പ്രസിഡണ്ട് സ്ഥാനം. ഇത്തവണയും കല്ലിങ്കീൽ പത്മനാഭനെത്തന്നെ പ്രസിഡണ്ടാക്കാനാണ് ഐ ഗ്രൂപ്പിലെ ഒരു വിഭാഗം തീരുമാനിച്ചത്. കെ. സുധാകരന്റെ അടുത്ത അനുയായിയായ കല്ലിങ്കീൽ പത്മനാഭനെ മാറ്റണമെന്ന ആവശ്യം ഐ ഗ്രൂപ്പിലെത്തന്നെ ഒരു വിഭാഗത്തിൽ നിന്ന് ഇതിനകം ഉണ്ടായിക്കഴിഞ്ഞു. എം.എൻ. പൂമംഗലം, ടി.വി. രവി, ടി.വി. അശോകൻ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ഇതിന് ചുക്കാൻ പിടിക്കുന്നത്. തളിപ്പറമ്പ മുൻ ഐ ഗ്രൂപ്പിൽപ്പെട്ട ഇപ്പോൾ എ ഗ്രൂപ്പിൽ പ്രവർത്തിക്കുന്ന കെ. രമേശൻ തുടങ്ങിയവരുടെ പിന്തുണയും കല്ലിങ്കീലിനെ മാറ്റണമെന്നാവശ്യപ്പെടുന്ന വിഭാഗത്തിനുണ്ട്.

ബാങ്ക് നിയമനവുമായി ബന്ധപ്പെട്ട് എ ഗ്രൂപ്പിലെ അഡ്വ. വിനോദ് രാഘവൻ സഹകരണ വകുപ്പിന് നിരവധി പരാതികൾ അയച്ചിരുന്നു. ഒടുവിലത്തെ നിയമനത്തിനെതിരെ വിനോദ് രാഘവൻ ഹൈക്കോടതിയിൽ ഹരജി നൽകുകയും സ്റ്റേ സമ്പാദിക്കുകയും ചെയ്തിരുന്നു. ഈ കേസ് ഇപ്പോഴും നടക്കുന്നുണ്ട്. അതിനിടയിലാണ് തിരഞ്ഞെടുപ്പ് കടന്നുവരുന്നത്.

പ്രസിഡണ്ട് സ്ഥാനം ഐ ഗ്രൂപ്പിനാണെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ആര് കോൺഗ്രസ് ഡയറക്ടർമാരിൽ രണ്ടുപേർ മാത്രമാണ് എ, ഐ ഗ്രൂപ്പുകാർക്കുള്ളത്. ഐ ഗ്രൂപ്പിലാണ് ഇപ്പോൾ പ്രസിഡണ്ട് സ്ഥാനത്തെ കുറിച്ച് തർക്കം ഉടലെടുത്തത്.

കല്ലിങ്കീലിനെതിരെ അഡ്വ. ടി. ആർ. മോഹൻദാസിനെ രംഗത്തിറക്കാനാണ് എം.എൻ. വിഭാഗത്തിന്റെ നീക്കം. അതിനിടെ എ ഗ്രൂപ്പുകാരനാണെങ്കിലും കെ. സുധാകരനും ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനിക്കും താൽപ്പര്യമുള്ളയാളെന്ന നിലയിൽ മുൻ കില ഡയറക്ടർ ഡോ. പി.പി. ബാലനെ പ്രസിഡണ്ടാക്കണമെന്ന വാദവുമായി മറ്റൊരു വിഭാഗവും രംഗത്തുവന്നിട്ടുണ്ട്. ഇന്നലെ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. 17 വരെ പരാതി നൽകാനുള്ള സമയമാണ്. 2000ത്തിലധികം മെമ്പർമാർ സി.പി.എമ്മിനുണ്ടെങ്കിലും കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ അവർ മൽസര രംഗത്തുവന്നിട്ടില്ല.

കോൺഗ്രസിൽ തർക്കം രൂക്ഷമാവുകയാണെങ്കിൽ പ്രസിഡണ്ട് സ്ഥാനത്തിന് മുസ്ലിംലീഗും അവകാശവാദമുന്നയിക്കും. അടുത്ത കാലത്ത് ഏറ്റവും കൂടുതൽ മെമ്പർമാരെ ചേർത്തത് മുസ്ലിംലീഗാണ്.

മോദി വീണ്ടും അധികാരത്തിൽ വന്നാൽ സ്വതന്ത്രനാവുകൾ അവശേഷിക്കില്ല: എസ്.പി. ഉദയകുമാർ

കണ്ണൂരിൽ ജനകീയ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് എസ്.പി.ഉദയകുമാർ പ്രസംഗിക്കുന്നു

കണ്ണൂർ: അടുത്ത ലോക്സഭ തിരഞ്ഞെടുപ്പിൽ മോദിക്ക് ഭൂരിപക്ഷം ലഭിക്കുകയാണെങ്കിൽ ഇന്ത്യയിൽ സ്വതന്ത്രനാവുകൾ അവശേഷിക്കില്ലെന്ന് കൂടംകുളം ആണവവിരുദ്ധ സമരനേതാവ് എസ്.പി. ഉദയകുമാർ മുന്നറിയിപ്പ് നൽകി. മനുഷ്യാവകാശ കൂട്ടായ്മ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിമതശബ്ദങ്ങളെ മുഴുവൻ രാജ്യദ്രോഹികൾ, മാവോയിസ്റ്റ്, വിടുതലൈ പുലികൾ, മുസ്ലിങ്ങൾ, ക്രിസ്ത്യാനികൾ എന്നൊക്കെ മുദ്രകുത്തുകയാണ്. ജനങ്ങളുടെ കാര്യങ്ങൾ ഒന്നും പറയേണ്ട എന്നാണ് ശാസന. ജനങ്ങളുടെ സ്ഥാനത്ത് അവർ അംബാനിമാരെ കുടിയിരുത്തിയിരിക്കുന്നു. അവർ പറയുന്നതാണ് ജനാധിപത്യം. അവരുടെ ലാഭമാണ് വികസനം. കേരളത്തിൽ വല്ലാർപാടം പദ്ധതി നഷ്ടത്തിലാണ്. എന്നിട്ടും വിഴിഞ്ഞത്തും ഒരു തുറമുഖം പണിയുന്നു. ആർക്കുവേണ്ടിയാണിത്. കോർപ്പറേറ്റുകൾക്ക് വേണ്ടി. ഇതിനെയാണ് വികസനമെന്ന് വിളിക്കുന്നത്. അദേഹം ചൂണ്ടിക്കാട്ടി. ഡോ. ഡി. സുരേന്ദ്രനാഥ് അധ്യക്ഷത വഹിച്ചു. കെ.സി. ഉമേഷ് ബാബു, കെ. സുനിൽകുമാർ പ്രസംഗിച്ചു. പി.ടി. ഭാസ്ക്കരൻ സ്വാഗതവും അഡ്വ. കസ്തൂരിദേവൻ നന്ദിയും പറഞ്ഞു.

ബൈപ്പാസ് കുടിയിറക്ക് സമിതി കലക്ട്രേറ്റ് പടിക്കൽ ആരംഭിച്ച രാപ്പകൽ ഉപവാസം കെ.എം.ഷാജി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

ഭർത്താവിനെയും മുതിർന്ന മൂന്ന് മക്കളെയും ഉപേക്ഷിച്ച് യുവതി കാമുകനൊപ്പം ഒളിച്ചോടി

തളിപ്പറമ്പ: ഭർത്താവിനെയും 23, 16, 12 വയസുള്ള മൂന്ന് മക്കളെയും ഉപേക്ഷിച്ച് വീട്ടമ്മ കാമുകനൊപ്പം ഒളിച്ചോടി. തലോറയിലെ ബീനയാണ് (43) ഭർത്താവിന്റെ സുഹൃത്ത് പ്രജേഷിനൊപ്പം മുങ്ങിയത്. ബീനയെ കല്യാണം കഴിപ്പിച്ചത് തിലാന്നൂരിലാണ്. അവിടെയാണ് ഇവർ താമസം. ബീനയുടെ ഭർത്താവും പ്രജേഷും വിദേശത്ത് ഒന്നിച്ചാണ് ജോലി ചെയ്തിരുന്നു. ഇരുവരും കാർപെന്റർ ജോലിക്കാരാണ്. ആദ്യകാലത്ത് പ്രജേഷിന്റെ ഫോണിൽ നിന്നാണ് ഭർത്താവ് ബീനയെ വിളിക്കാറ്. പിന്നീട് ബീനയും പ്രജേഷും തമ്മിൽ നിരന്തരം ഫോൺ വിളി തുടർന്നു. ബീനക്ക് പുതിയ വീട് പണി നടക്കുമ്പോൾ മരപ്പണിയെടുക്കാൻ പ്രജേഷും എത്തിയിരുന്നു. കഴിഞ്ഞ ദിവസം അമ്മക്കും ഇളയമ്മക്കുമൊപ്പം പറശിനിക്കടവിൽ വന്നതായിരുന്നു ബീന. ബാത്ത്റൂമിൽ പോയിട്ടുവരാമെന്ന് പറഞ്ഞ് പോയ ബീനയെ കാണാത്തതിനെ തുടർന്ന് ബന്ധുക്കൾ തളിപ്പറമ്പ് പോലീസിൽ പരാതി നൽകി. പോലീസ് നടത്തിയ അന്വേഷണത്തിൽ യുവതി പ്രജേഷിനൊപ്പം പാടിക്കുന്നിൽ എത്തിയതായി വിവരം ലഭിച്ചതിനെ തുടർന്ന് ഇവിടെ പരിശോധന നടത്തിയെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. വിവരമറിഞ്ഞ് ബീനയുടെ ഭർത്താവ് വിദേശത്ത് നിന്ന് നാട്ടിലേക്ക് പുറപ്പെട്ടിട്ടുണ്ട്.

ഒഴിപ്പിക്കൽ: വ്യാപാരി സമിതി ധർണ്ണ നാളെ

ബക്കളം: പുനരധിവാസവും നഷ്ടപരിഹാരവും ഉറപ്പാക്കിയ ശേഷമേ ഹൈവേയിലെ വ്യാപാരികളെ ഒഴിപ്പിക്കാൻ പാടുള്ളൂവെന്ന് ആവശ്യപ്പെട്ട് വ്യാപാരി വ്യവസായി സമിതിയുടെ നേതൃത്വത്തിൽ നാളെ വൈകുന്നേരം നാല് മണിക്ക് ബക്കളത്ത് ധർണ്ണ നടത്തും. സി.പി.എം ഏരിയാ സെക്രട്ടറി പി.മുകുന്ദൻ ഉദ്ഘാടനം ചെയ്യും.

ഭർത്താവും കുടുംബവും പീഡിപ്പിച്ചുവെന്ന് യുവതിയുടെ പരാതി

മയ്യിൽ: ഭർത്താവും കുടുംബവും പീഡിപ്പിച്ചുവെന്ന പരാതിയുമായി യുവതി. കൊളച്ചേരിയിലെ പി.കെ. ജസ്നയാണ് (24) മയ്യിൽ പോലീസിൽ പരാതി നൽകിയത്. ഭർത്താവ് ചട്ടുകപ്പാറയിലെ ഷിമിത്ത്, ഷിമിത്തിന്റെ അമ്മ, സഹോദരി ഷൈമ, സഹോദരി ഭർത്താവ് പ്രകാശൻ എന്നിവർക്കെതിരെയാണ് പരാതി. ഭർതൃവീട്ടിൽ വെച്ച് നിരന്തരം പീഡിപ്പിച്ചുവെന്ന് പരാതിയിൽ പറയുന്നു.

THE TALIPARAMBA CO-OP: URBAN SOCIETY LTD; NO.C. 1559
P.O. Taliparamba-670141, Kannur Dt. Ph: 04602 207436

വാർഷിക പൊതുയോഗ നോട്ടീസ്

മാന്യരേ,

തളിപ്പറമ്പ സഹകരണ അർബൻ സംഘത്തിന്റെ വാർഷിക പൊതുയോഗം 2018 സപ്തംബർ 29ന് ശനിയാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് സംഘം ഹെഡ്ഓഫീസിൽ വച്ച് ചേരുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. യോഗത്തിൽ എല്ലാ 'എ' ക്ലാസ് മെമ്പർമാരുടെയും മഹനീയ സാന്നിധ്യം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തളിപ്പറമ്പ,
14 - 09 - 2018.

കൽപ്പനപ്രകാരം
സെക്രട്ടറി (ഒപ്പ്)

കാര്യപരിപാടി

(1) സ്വാഗതം (2) അധ്യക്ഷന്റെ ആമുഖപ്രഭാഷണം (3) കഴിഞ്ഞ പൊതുയോഗത്തിന്റെ മിനുട്സ് അംഗീകരിക്കൽ (4) 2017 - 18 വർഷത്തെ പ്രവർത്തന റിപ്പോർട്ടും വരവ് - ചെലവ് കണക്കും അംഗീകരിക്കൽ (5) 2017 - 18 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കൽ (6) 2019 - 20 വർഷത്തെ കരട് ബഡ്ജറ്റ് അംഗീകരിക്കൽ (7) 2017 - 18 വർഷത്തെ ഓഡിറ്റ് ന്യൂനതകൾ പരിഹരിച്ച് അംഗീകരിക്കുന്നത് സംബന്ധിച്ച് (8) ചോദ്യങ്ങളും പ്രമേയങ്ങളും (9) നന്ദി പ്രകടനം.

NB: പൊതുയോഗത്തിൽ ഉന്നയിക്കുന്ന ചോദ്യങ്ങളും പ്രമേയങ്ങളും 2018 സപ്തംബർ 24 - ാം തീയതി ഉച്ചക്ക് രണ്ട് മണിക്ക് മുമ്പായി സംഘം ഓഫീസിൽ എത്തിക്കേണ്ടതാണ്.

സ്മരണാഞ്ജലി

5-ാം ചരമവാർഷികം

ജോസഫ് വേമ്പേനി
കുളത്തൂർ
ബാലേശുഗിരി
ജനനം: 1-01-1924
മരണം: 11-09-2013

15-ാം ചരമവാർഷികം

ജോസ് ജോസഫ് വേമ്പേനി
പന്നിയൂർ
ബാലേശുഗിരി
ജനനം: 15-06-1950
മരണം: 12-09-2003

നിത്യ സ്നേഹസ്മരണകളോടെ: വേമ്പേനി കുടുംബാംഗങ്ങൾ

കീഴാറ്റൂർ നെൽവയൽ സംരക്ഷണ സമരത്തിന് ഒരു വയസ് തികഞ്ഞു

കീഴാറ്റൂർ നെൽവയൽ സംരക്ഷണ സമരത്തിന് ആവേശോജ്വല തുടക്കം

തളിപ്പറമ്പ: ചുടല-കുറ്റിക്കോൽ ബൈപ്പാസ് കീഴാറ്റൂർ വയലിനെ ഇല്ലാതാക്കി പണിയുന്നതിനെതിരെ ആരംഭിച്ച സമരത്തിന് ഇന്നലെ ഒരു വയസ് പൂർത്തിയായി. 2017 സപ്തംബർ 10ന് വൈകുന്നേരമായിരുന്നു വയൽക്കിളികളുടെ ആഭിമുഖ്യത്തിൽ കീഴാറ്റൂർ വേട്ടക്കൊരുമകൻ ക്ഷേത്രത്തിന് സമീപമുള്ള വയലിൽ സുരേഷ് കീഴാറ്റൂർ അനിശ്ചിതകാല നിരാഹാര സമരം തുടങ്ങിയത്. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ടി.പി.പത്മനാഭൻ മാസ്റ്ററായിരുന്നു ഉദ്ഘാടനം നിർവഹിച്ചത്.

സുരേഷിന്റെ നിരാഹാരം 13 ദിവസം നീണ്ടുനിന്നു. അവശനായതിനെ തുടർന്ന് അദേഹത്തെ അറസ്റ്റ് ചെയ്ത് ആശുപത്രിയിലേക്ക് മാറ്റിയതോടെ പ്രദേശത്തെ കർഷക തൊഴിലാളിയായ വയോധിക നമ്പ്രാടത്ത് ജാനകി നിരാഹാര സമരം ഏറ്റെടുത്തു. ആറ് ദിവസം നിരാഹാരം കിടന്ന ജാനകിയെയും അറസ്റ്റ് ചെയ്ത് ആശുപത്രിയിലേക്ക് മാറ്റി. പിന്നീട് സി.മനോഹരൻ രണ്ട് ദിവസം നിരാഹാരം അനുഷ്ഠിച്ചു. അതിനിടയിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ നടത്തിയ ചർച്ചയെ തുടർന്ന് സമരം പിൻവലിക്കുകയായിരുന്നു.

എന്നാൽ കഴിഞ്ഞ മാർച്ച് 13ന് വയൽ അളന്ന് കുറ്റിയിടാൻ എത്തിയതിനെ പ്രതിരോധിച്ചു കൊണ്ട് വയൽക്കിളികൾ ആത്മഹത്യാഭീഷണി മുഴക്കി വയലിൽ നിലയുറപ്പിച്ചത് സംഘർഷഭരിതമായ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. സ്ത്രീകളുൾപ്പെടെയുള്ള 52 ഓളം വയൽക്കിളി പ്രവർത്തകരെ ഏറെ സാഹസപ്പെട്ടാണ് അന്ന് പോലീസ് അറസ്റ്റ് ചെയ്ത് നീക്കിയത്. തുടർന്ന് വയൽക്കിളികളുടെ സമരപ്പന്തൽ ഒരു സംഘം തീവച്ച് നശിപ്പിച്ചു. ഇതേ തുടർന്ന് മാർച്ച് 25ന് കേരളം കീഴാറ്റൂരിലേക്ക് എന്ന മുദ്രാവാക്യമുയർത്തി ഐക്യദാർഢ്യസമിതി സംഘടിപ്പിച്ച പരിപാടി വൻ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധിക്കപ്പെട്ടിരുന്നു. സ്ഥലമേറ്റെടുക്കുന്നതിന്റെ അന്തിമ വിജ്ഞാപനമായ ത്രിഡി നോട്ടിഫിക്കേഷൻ വരുമെന്ന് ഉറപ്പായതിന്റെ പശ്ചാത്തലത്തിൽ ബി.ജെ.പി സംസ്ഥാന നേതൃത്വം പ്രശ്നത്തിൽ ഇടപെടുകയും വയൽക്കിളി പ്രവർത്തകരും ബി.ജെ.പി നേതാക്കളുമടങ്ങിയ സംഘം ഡൽഹിയിൽ ചെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്ഗരിയുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. ഇതേ തുടർന്ന് ബദൽ അലൈൻമെന്റ് പഠിക്കാൻ വിദഗ്ധ സംഘത്തെ നിയോഗിക്കാൻ ധാരണയായിരുന്നു. വിദഗ്ധ സംഘം ഇതുവരെ എത്തിയില്ലെങ്കിലും തുടർ നടപടികളൊന്നുമില്ലാത്ത അവസ്ഥയാണ് ഇപ്പോൾ.

ബി.ജെ.പി മണ്ഡലം പ്രസിഡണ്ടിനെ മർദിച്ചതിന് നാല് സി.പി.എമ്മുകാർക്കെതിരെ കേസ്

കുടിയാൻമല: ബി.ജെ.പി ഇരിക്കൂർ നിയോജക മണ്ഡലം സെക്രട്ടറി നടുവിലെ കോയാടൻവീട്ടിൽ ദിനേശനെ (46) ഇരുമ്പ് വടി കൊണ്ട് അക്രമിച്ചതിന് നാല് സി.പി.എം പ്രവർത്തകർക്ക് എതിരെ എസ്.ഐ വി.വി. ശ്രീജേഷ് കേസെടുത്തു. നടുവിൽ സ്വദേശി കിഴക്കനടിയിൽ രാജേഷ് എന്ന കൊല്ലൻ രാജേഷ്(37), ഏരുവേശി ചളിംപറമ്പിലെ മംഗലത്ത് വിനു എന്ന എം.എസ്. വിജയൻ(47), പൂപ്പറമ്പ് സ്വദേശികളായ മുരിക്കുംതാഴത്ത് അനുരാജ്(22), മഴുവഞ്ചേരി വീട്ടിൽ വിശാഖ്(24) എന്നിവർക്കെതിരെയാണ് കേസ്. കഴിഞ്ഞ ദിവസം പമ്പിൽ നിന്ന് പെട്രോളടിച്ച് മടങ്ങുമ്പോൾ അഞ്ചംഗസംഘം ബൈക്ക് ചവിട്ടിത്തെറിപ്പിച്ച് അക്രമിച്ചുവെന്നാണ് പരാതി. എന്നാൽ അക്രമവുമായി സി.പി.എമ്മിന് ബന്ധമില്ലെന്നും മദ്യലഹരിയിൽ ചിലർ നടത്തിയതാണെന്നും സി.പി.എം നടുവിൽ ലോക്കൽ സെക്രട്ടറി രാജേഷ് മാക്കൂട്ടം, ആലക്കോട് ഏരിയാ കമ്മിറ്റിയംഗം കെ.എം. സാജു എന്നിവർ അറിയിച്ചു.

ചൂതാട്ടം; 14 പേർ അറസ്റ്റിൽ

ആലക്കോട്: വീട്ടുപറമ്പിൽ ചീട്ടുകളിയിലേർപ്പെട്ട ഏഴംഗ സംഘത്തെ പോലീസ് അറസ്റ്റ് ചെയ്തു. നെല്ലിപ്പാറ കപ്പണ സ്വദേശികളായ ഇളയിടത്ത് കുമാരൻ (48), പന്നിയൂർ നിഷാദ് (34), പന്നിയൂർ മോഹനൻ (49), അവിടുത്ത് അജേഷ് (25), കല്ലാനിക്കൽ സതീശൻ (34), പാറപ്പുറത്ത് ഹംസ (42), പോത്തേര നാരായണൻ (49) എന്നിവരെയാണ് ആലക്കോട് എസ്.ഐ ടി.സുനിൽകുമാറും സംഘവും ഇന്നലെ വൈകുന്നേരം കപ്പണയിൽ നിന്ന് അറസ്റ്റ് ചെയ്തത്. 8890 രൂപയും പിടികൂടി.

മട്ടന്നൂർ: കീഴല്ലൂർ ടൗണിൽ പണം വെച്ച് ചീട്ടുകളിയിലേർപ്പെട്ട ഏഴുപേരെ മട്ടന്നൂർ എസ്.ഐ ശിവൻ ചോടത്ത് അറസ്റ്റ് ചെയ്തു. കീഴല്ലൂരിലെ വളയിൽവളപ്പിൽ പ്രമോദ് (41), കരിയിൽ രാജീവൻ (45), കരിയിൽ സുധീർ (53), ആരാധനയിൽ രഞ്ജിത്ത് (38), കരിയിൽ ബിജു (40), വളങ്കാൽ ബാബു (43), വളയിൽ വളപ്പിൽ ദിവാകരൻ (46) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. സീനിയർ സി.പി.ഒ രാജീവൻ, സി.പി.ഒമാരായ ഷിബിലാൽ, ഷിജു, മഹേഷ്, അനിൽ എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു. 6105 രൂപയും ഇവരിൽ നിന്ന് പിടിച്ചെടുത്തു.

പ്രാർത്ഥനകൾ വിഫലമായി; ബിജു തോമസ് മരണത്തിന് കീഴടങ്ങി

ആലക്കോട്: ബൈക്കുകൾ കൂട്ടിയിടിച്ചുള്ള അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് മൂന്ന് മാസമായി ചികിത്സയിലായിരുന്ന പച്ചാണിയിലെ പാറേപ്പുരയിടത്തിൽ ബിജു തോമസ് (38) ഏവരുടെയും പ്രാർത്ഥനകൾ വിഫലമാക്കി ഒടുവിൽ മരണത്തിന് കീഴടങ്ങി. കഴിഞ്ഞ ജൂൺ 12ന് വെള്ളക്കാട് വെച്ചായിരുന്നു അപകടം. അതീവ ഗുരുതരനിലയിൽ മംഗലാപുരം ഫാ. മുള്ളേഴ്സ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബിജു ഇന്നലെയാണ് മരിച്ചത്. നിർധന കുടുംബത്തിന്റെ താങ്ങും തണലുമായിരുന്ന ബിജുവിന്റെ ജീവൻ രക്ഷിക്കുന്നതിന് വേണ്ടി നാട്ടുകാർ ചേർന്ന് ചികിത്സാ സഹായ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരികയായിരുന്നു. പരേതനായ തോമസാണ് പിതാവ്. മാതാവ്: ത്രേസ്യാമ്മ. ഭാര്യ: ചെമ്പേരി പുത്തൻകണ്ടത്തിൽ കുടുംബാംഗം ബിൻസി. മക്കൾ: മരിയ (പത്ത്), അലീന (ഏഴ്, ഇരുവരും വിദ്യാർത്ഥികൾ). സഹോദരങ്ങൾ: ആൻസി, ബിജി, ലിജിന, പരേതനായ ബിനോയി. സംസ്കാരം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് പച്ചാണി സെന്റ് മേരീസ് പള്ളിയിൽ.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2855
പവന് :22840
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

വാഷ് പിടികൂടി

ആലക്കോട്: ആലക്കോട് എക്സൈസ് സംഘം വെള്ളാട് പാറേമൊട്ടയിലെ വ്യാജവാറ്റ് കേന്ദ്രത്തിൽ നടത്തിയ റെയ്ഡിൽ 230 ലിറ്റർ വാഷ് പിടിച്ചെടുത്ത് നശിപ്പിച്ചു. പ്രതികളെ പിടികിട്ടിയില്ല. പ്രിവന്റീവ് ഓഫീസർ ഷനിൽകുമാർ, സിവിൽ ഓഫീസർമാരായ പ്രദീപ്കുമാർ, ഷിബു, എം.രാജീവൻ, ശ്രീകുമാർ, കെ.വി.ഷൈജു എന്നിവർ എക്സൈസ് സംഘത്തിലുണ്ടായിരുന്നു.

നാളെ വൈദ്യുതി മുടങ്ങും

തളിപ്പറമ്പ: പുളിമ്പറമ്പ ശ്രീകൃഷ്ണ ക്ഷേത്രം, കണികുന്ന്, കുപ്പം കൊപ്രക്കളം, തളിപ്പറമ്പ അമ്പലം, ആടിക്കുംപാറ, തലോറ, പുഴക്കുളങ്ങര എന്നീ സ്ഥലങ്ങളിൽ നാളെ രാവിലെ ഒമ്പത് മുതൽ വൈകിട്ട് 6 വരെ വൈദ്യുതി മുടങ്ങും.

കരുവഞ്ചാലിൽ ഓണം മെഗാ ഡിസ്കൗണ്ട് തുടരുന്നു
ദി ബെസ്റ്റ് കലക്ഷൻസ്
കരുവഞ്ചാൽ, Ph: 0460 2245280
ചുരിദാറുകൾ റെഡിമെയ്ഡ് ഷർട്ടുകൾ പകുതി വിലയ്ക്ക്
159 രൂപക്ക് ചുരിദാർ സെറ്റ്
99 രൂപക്ക് ലെഗിൻസ്
159 രൂപക്ക് സാരികൾ
159 രൂപക്ക് ഡബിൾമുണ്ടുകൾ
110 രൂപക്ക് ബെഡ് ഷീറ്റുകൾ

ചരമം

മൊയ്തീൻകുട്ടി

തളിപ്പറമ്പ: കോരൻപീടികയിലെ കായക്കൂൽ മൊയ്തീൻകുട്ടി (കുട്ടി-55) നിര്യാതനായി. ഭാര്യ: പി.പി.ആയിശ (ഓണപ്പറമ്പ്). മക്കൾ: ഷറഫുദ്ദീൻ, നൗഫിയ, മുഹമ്മദ്, നാസിഫ്. മരുമകൻ: മുഹമ്മദ് ഫായിസ്. സഹോദരങ്ങൾ: ഉമ്മർ കായക്കൂൽ, ആയിശ, റുഖിയ, ഖദീജ.

ജോസഫ്

കരുവഞ്ചാൽ: മാവുംചാലിലെ കാക്കനാട്ട് കെ.എ.ജോസഫ് എന്ന ബേബി (68) നിര്യാതനായി. ഭാര്യ: ചെമ്പേരി ഈറ്റക്കൽ കുടുംബാംഗം ലില്ലി. മക്കൾ: അനൂപ്, സ്മിത (പ്രിൻസിപ്പാൾ, മഹാത്മ കമ്പ്യൂട്ടേഴ്സ്, തളിപ്പറമ്പ), അനീഷ്. മരുമക്കൾ: ഹെൻസി, സുമേഷ് (മാനേജിംഗ് ഡയറക്ടർ, മഹാത്മ കമ്പ്യൂട്ടേഴ്സ്, തളിപ്പറമ്പ്), ജിമ. സഹോദരങ്ങൾ: ജോണി, ജോയി. സാലി, ലിസി. സംസ്കാരം നാളെ വൈകിട്ട് 3 മണിക്ക് മാവുംചാൽ സെന്റ് ജോർജ് പള്ളിയിൽ.

രാമകൃഷ്ണൻ

പരിയാരം: റിട്ട. കെ.എസ്.ഇ.ബി സബ് എഞ്ചിനീയർ ഇരിങ്ങലിലെ ചുണ്ടക്കണ്ടി രാമകൃഷ്ണൻ (76) നിര്യാതനായി. ഭാര്യ: ടി.വി.യശോദ. മക്കൾ: പുഷ്പലത (തിലാന്നൂർ), രതീഷ് (സബ് കോടതി, പയ്യന്നൂർ), നിഷ (തൃച്ചംബരം യു.പി സ്കൂൾ), ഷീന (സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തൃച്ചംബരം). മരുമക്കൾ: കുഞ്ഞികൃഷ്ണൻ (റിട്ട. പി.ഡബ്ല്യു.ഡി), സുമില (മാവിലായി), സുനിൽ (കൊൽക്കത്ത), രാജീവൻ (കെ.എസ്.ആർ.ടി.സി, കണ്ണൂർ).

ദാമോദരൻ

ആലക്കോട്: തിമിരി ഏളയാട്ടെ വടക്കുമ്മാർ വീട്ടിൽ ദാമോദരൻ (67) നിര്യാതനായി. ഭാര്യ: കാർത്ത്യായനി. മക്കൾ: വിനോദ്, ബിജു (സി.പി.എം ചെക്കിച്ചേരി ബ്രാഞ്ച് സെക്രട്ടറി), ഷിജു. മരുമക്കൾ: രമ്യ, ശാരി, സുവർണ്ണ. സഹോദരങ്ങൾ: കാർത്ത്യായനി (കോടോപ്പള്ളി), കമലാക്ഷി (നരിക്കോട്), ഭാസ്കരൻ (കുഞ്ഞിമംഗലം), ജനാർദ്ദനൻ (കോടോപ്പള്ളി), പരേതരായ കണ്ണൻ, കല്യാണി. സംസ്കാരം ഇന്ന് വൈകുന്നേരം അഞ്ച് മണിക്ക്.

ഹമീദ് ഹാജി

പഴയങ്ങാടി: മാടായി വാടിക്കൽ എസ്.എ.പി സ്റ്റോപ്പിന് സമീപത്തെ എസ്.എ.പി ഹമീദ് ഹാജി (86) നിര്യാതനായി. ദീർഘകാലം മാടായി വാടിക്കൽ മഹല്ല് ജമാഅത്ത് കമ്മിറ്റി പ്രസിഡണ്ട്, സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: ചീലേൻ ബീഫാത്തു. മക്കൾ: ഫൗസിയ, ഹഫീദ്, ശഹ്സാദ്, റസിയ, ശംസിയ, ശംസുദ്ദീൻ. മരുമക്കൾ: എസ്.എ.പി.അബ്ദുൾസലാം, മുനീറ (പുതിയങ്ങാടി), സാക്കിറ (മാട്ടൂൽ സൗത്ത്), വി.പി.അബൂബക്കർ, എ.കെ.മുസ്തഫ (മാട്ടൂൽ സെൻട്രൽ), സുമയ്യ (മൊട്ടാമ്പ്രം), മുനീറ (പുതിയങ്ങാടി).

ഗിരിജ

തളിപ്പറമ്പ: പുഴക്കുളങ്ങരയിലെ എം.എം.ഗിരിജ (53) നിര്യാതയായി. ഭർത്താവ്: പാപ്പിനിശേരി വീട്ടിൽ കൃഷ്ണൻ. മക്കൾ: ഗിരീഷ്കുമാർ, സജീഷ്കുമാർ, കീർത്തി. മരുമക്കൾ: ശ്രീവിദ്യ (വൈക്കം), വർഷ (വടക്കാഞ്ചേരി), ശബിലാഷ് (പാച്ചേനി). സഹോദരങ്ങൾ: ബാലകൃഷ്ണൻ (പുഴക്കുളങ്ങര), നളിനി (പാച്ചേനി), മോഹൻദാസ് (തലോറ), വേണുഗോപാൽ, രമ, പുഷ്പ (മൂവരും തളിപ്പറമ്പ്).

ചെമ്മരൻ

ആലക്കോട്: മീൻപറ്റിയിലെ കണ്ണാ ചെമ്മരൻ (77) നിര്യാതനായി. ഭാര്യ: പരേതയായ ജാനകി. മക്കൾ: സരോജിനി, സുകുമാരൻ, ശശി. മരുമക്കൾ: കുമാരൻ ചപ്പിലി (മീൻപറ്റി), സരസ്വതി (കരയത്തുംചാൽ), സുമ (ചീത്തപ്പാറ).

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 2763 RNI Reg.No.KER MAL/2007/22043